31/12/2010 തീയതിയിലേയും തുടർന്നുമുള്ള വിജ്ഞാപനങ്ങൾ പ്രകാരം അപേക്ഷിക്കുമ്പോൾ ഫോട്ടോ കൂടി നിർബന്ധമായി അപ് ലോഡ് ചെയ്ത് ഓൺലൈനായി മാത്രം അപേക്ഷിക്കേണ്ടതാണ്. 31/12/2010-നു ശേഷം എടുത്തതും ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും ഫോട്ടോയുടെ ചുവടെ പ്രിന്റ് ചെയ്തതുമായിരിക്കണം

അപ് ലോഡ് ചെയ്യേണ്ടുന്ന ഫോട്ടോയുടെ മറ്റു വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പരീക്ഷാർത്ഥിയുടെ മുഖവും തോൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള കളർ/ബ്ലാക്ക് & വൈറ്റ് ഫോട്ടോയായിരിക്കണം.
2. 200 പിക്സെൽ ഉയരവും, 150 പിക്സെൽ വീതി ഉള്ളതും JPG ഫോർമാറ്റിലുള്ളതും 30 Kb ഫയൽ സൈസിൽ അധികരിക്കാത്തതുമായ ഇമേജുകൾ മാത്രമേ അപ്-ലോഡു ചെയ്യപ്പെടുകയുള്ളൂ.
3. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോയായിരിക്കണം.
4. മുഖം നേരെയും പൂർണമായും ഫോട്ടോയുടെ മദ്ധ്യ ഭാഗത്ത് പതിഞ്ഞിരിക്കണം.
5. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.
6. തൊപ്പി (മതാചാരത്തിന്റെ ഭാഗമായുള്ള തൊപ്പി / ശിരോവസ്ത്രം എന്നിവയൊഴിച്ച്) ഗോഗിൾസ് എന്നിവ ധരിച്ച് എടുത്തതും മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധമുള്ളതും മുഖം വ്യക്തമല്ലാത്തതുമായ ഫോട്ടോയോടുകൂടിയ അപേക്ഷകൾ സ്വീകാര്യമല്ല.